**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 911** **18-09-2025 - ൽ മറുപടിയ്ക്ക്**

**എംപവർ സൊസൈറ്റിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ ഒരേ സമയം സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതിന് ആരംഭിച്ച എംപവർ സൊസൈറ്റിയുടെ നാളിതുവരെയുള്ള പ്രവർത്തനം വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിനും അവർ താൽപര്യപ്പെടുന്ന സംരംഭകത്വ മാർഗദർശനം നൽകി അവരെ വിജയത്തിലേയ്ക്ക് കൈപിടിച്ച് ഉയർത്തുന്നതിനുമായി വകുപ്പിന്റെ ഭാഗമായുള്ള ഉന്നതി എംപവർമെന്റ് സൊസൈറ്റി കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പട്ടികവർഗ്ഗക്കാരായ തൊഴിൽ അന്വേഷകരെ കണ്ടെത്തി രജിസ്റ്റർ ചെയ്യിപ്പിച്ച് തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ കൂടാതെ എൻജിനീയറിംഗ്, ഐ.റ്റി. അധിഷ്ഠിത സാങ്കേതികവിദ്യകൾ, മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദസഞ്ചാരം മാർക്കറ്റിങ്ങ്, കാർഷികം, നിർമ്മാണം തുടങ്ങിയ മേഖലകളിൽ പരിജ്ഞാനമുള്ള പട്ടികജാതി പട്ടികവർഗ്ഗ യുവതിയുവാക്കളെ സംരംഭകരാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ചെയ്തു വരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർ തൊഴിൽ സംരംഭകരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | സംരംഭകത്വ പദ്ധതിക്കായി സ്റ്റാർട്ടപ്പ് മിഷൻ മുഖേനയും വകുപ്പിലുമായി 18 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ അപാകതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച് ലഭ്യമാക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അപേക്ഷകൾ തിരികെ നൽകിയിട്ടുണ്ട്. സ്റ്റാർട്ടപ് മിഷൻ മുഖേന ശുപാർശ ലഭിച്ച അപേക്ഷകളിൽ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി പ്രസ്തുത അപേക്ഷകൾ ഉന്നതി സി.ഇ. ഒ.യ്ക്ക് കൈമാറിയിട്ടുണ്ട്. |
| (സി) | പ്രസ്തുത തൊഴിൽ സംരംഭകരിൽ എത്ര പേർ തൊഴിൽ ദാതാക്കളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | സംരംഭകത്വ പദ്ധതിക്കായി സ്റ്റാർട്ടപ്പ് മിഷൻ മുഖേനയും വകുപ്പിലുമായി 18 അപേക്ഷകൾ |

| | | | |
|---|---|---|---|
| | | | ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ അപാകതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച് ലഭ്യമാക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അപേക്ഷകൾ തിരികെ നൽകിയിട്ടുണ്ട്. സ്റ്റാർട്ടപ് മിഷൻ മുഖേന ശുപാർശ ലഭിച്ച അപേക്ഷകളിൽ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി പ്രസ്തുത അപേക്ഷകൾ ഉന്നതി സി.ഇ. ഒ.യ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം കൂടുതൽ പേർക്ക് തൊഴിൽ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതി പ്രകാരം കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ